**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1418** **14-03-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനു വേണ്ടി www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചു കൊണ്ടുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകൾ തുടങ്ങിയ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 1959 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Compulsory Notification of Vacancies Act (CNV) പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷ നുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കു പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS & SSR rule 9 a (i) പ്രകാരം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടപ്പിലാക്കണമെന്നും, PSC യുടെ പരിധിയിൽ വരാത്ത എല്ലാത്തരം ഒഴിവുകളിലെയും നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടത്തണമെന്നും വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ